# ഞാറക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ്

**(ISO 9001-2015 Certified Institution)**
**ഞാറക്കൽ – 682 505, എറണാകുളം**
**ഫോൺ : 0484–2492351 E-mail : secretarynjarakkalgp@gmail.com**


നമ്പർ: SC4/ 4057/2023

Dt. 27/12/2023

**ബഹു : എറണാകുളം ജില്ലാകളക്ടർ മുമ്പാകെ ശ്രീ. വിജു എം. മാമ്പിള്ളി എന്നവർ സമർപ്പിച്ച പരാതി സംബന്ധിച്ച് ഞാറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച വിവരണ പത്രിക.**

ശ്രീ. വിജു എം മാമ്പിള്ളി ഹൗസ് ഞാറക്കൽ എന്നവർ നിലവിൽ പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 86.23 $m^2$ വിസ്തൃതി വരുന്നതും 3/120–ാം നമ്പർ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ 13.21 $m^2$ ഉം ഫസ്റ്റ് ഫ്ളോറായി 53.96 $m^2$ ആകെ 67.17 $m^2$ വരുന്ന ഭാഗം റെഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ബഹു.തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പ് സ.ഉ.(കൈ)നം.85/2023/LSGD തിരുവനന്തപുരം തീയതി 31/03/2023 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/ അപേക്ഷാ ഫീസ്/സ്ക്രൂട്ടണി ഫീസ് എന്നിവ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 81 $m^2$ മുതൽ 150 $m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീ 50 രൂപയും, 151 $m^2$ മുതൽ 300 $m^2$ വരെ 100 രൂപയും, 300 $m^2$ ന് മുകളിൽ 150 രൂപയും എന്നിങ്ങനെയാണ് പുതുക്കി നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ 86.23 $m^2$ വരുന്ന 3/120–10 നമ്പർ കെട്ടിടത്തോടുകൂടി ഗ്രൗണ്ട് ഫ്ളോറിൽ 13.21 ഉം ഫസ്റ്റ് ഫ്ളോറായി 53.96 ഉം ആകെ കെട്ടിട വിസ്തൃതി 153.4 $m^2$ ആയി തീർന്നിട്ടുള്ളതുമാണ്. 150 $m^2$ അധികരിച്ചതിനാൽ പെർമിറ്റ് ഫീ 100 രൂപയായി കണക്കാക്കേണ്ടതും, അനുമതി കൂടാതെ പണിതീർത്ത (13.21 + 53.96) 67.17 $m^2$ വരുന്ന ഭാഗം ക്രമവൽക്കരിക്കേണ്ടതിനാൽ പെർമിറ്റ് ഫീ ഇരട്ടിയായി തീർന്നതിൻ പ്രകാരം 67.17 x 200 എന്ന നിലയിൽ ക്രമവൽക്കരണ ഫീസ് 13434/– രൂപയായി കണക്കാക്കിയിട്ടുള്ള വിവരവും ക്മവൽക്കരണ ഫീസ് അടവാക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷനായ ശ്രീ വിജു എം മാമ്പിള്ളി എന്നവർക്ക് ഫസ്റ്റ് ഫ്ളോറിലെ 53.96 $m^2$ വരുന്ന കെട്ടിടം പണിതീർക്കുന്നതിനായി ഞാറക്കൽ പഞ്ചായത്തിൽ നിന്നും എ8–5934/14, തീയതി 04/11/2014 പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നതും ഈ പെർമിറ്റിന്റെ കാലാവധി കഴിഞ്ഞതിൻപ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് പുതുക്കി നൽകുന്നതിനായി എസ്.സി.4/2255/23, തീയതി 27/03/23 പ്രകാരം പെർമിറ്റ് പുതുക്കി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ പെർമിറ്റ് പുതുക്കി നൽകുന്നതിലേക്കായി 28/12/2023 ലെ 1230103686 പ്രകാരം പെർമിറ്റ് റിന്യൂവൽ ഫീയായ 2700/– രൂപ അടവാക്കിയതിൻപ്രകാരം പെർമിറ്റ് പുതുക്കി നൽകിയത് രജിസ്റ്ററിൽ ചേർത്ത് തുടർനടപടി സ്വീകരിച്ചിട്ടുള്ളതായ വിവരം അങ്ങയുടെ സമക്ഷം അറിയിക്കുന്നു.

ഞാറക്കൽ ഗ്രാമപഞ്ചായത്ത് പിൻ - 682 505 ഞാറക്കൽ പി. ഒ.

സെക്രട്ടറി
ഞാറക്കൽ ഗ്രാമപഞ്ചായത്ത്
ഞാറക്കൽ-682505
ഫോൺ: 0484 2492351